(സി) പെൻഷൻപ്രായം വർദ്ധിപ്പിക്കാനുള്ള ഏതെല്ലാം ശിപാർശകൾ ഇപ്പോൾ പരിഗണനയിലിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ഡോക്ടർമാരുടെ സേവന കാലാവധി 2014 മാർച്ച് മുതൽ 2015 മാർച്ച് വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ഇല്ല.

പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ

106 (798) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വയനാട്, തിരുവനന്തപുരം, ഹരിപ്പാട്, മെഡിക്കൽകോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്കായി അനുവദിച്ചുകയും അത് വിനിയോഗിച്ചതിന്റെ വിശദാംശവും അറിയിക്കാമോ ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ച് കൊണ്ടാണ് തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ആശുപത്രിക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി നടത്തേണ്ടതില്ല. ഹരിപ്പാട് മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നതിനായി എൻ.റ്റി.പി.സി.യിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നമുറയ്ക്ക് നബാർഡ് സഹായത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾക്കുവേണ്ടി ഇതുവരെ അനുവദിച്ചുതുടങ്ങിയിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിൽ 2015-16 അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ്സ്. അഡ്മിഷൻ നടത്തുവാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അദ്ധ്യയനം ആരംഭിക്കുന്നതാണ്.

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

107 (799) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇവയുടെ നിലവാരം ഉയർത്തുന്നതിനും മരുന്നും മറ്റുസൗകര്യങ്ങളും സുലഭമായി നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ആറ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഇവയിൽ മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly